ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബീഹാറിലും ഉത്തർപ്രദേശിലും 96,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.

**Prime Minister Narendra Modi will launch multiple development projects worth over 96 thousand crore rupees in Bihar and Uttar Pradesh today.**

2. ജമ്മു കാശ്മീരിലെ പുഞ്ചിൽ പാകിസ്ഥാൻ ഷെല്ലാക്രമണം നടന്ന പ്രദേശങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് സന്ദർശിക്കും.

**Union Home Minister Amit Shah will visit the areas where Pakistani shelling took place in Poonch, Jammu and Kashmir today.**

3. കേരളത്തിൽ അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥവകുപ്പ്. ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.

**The Meteorological Department has predicted that extremely heavy rains will continue in Kerala. Red alert in Idukki, Kannur and Kasaragod districts today.**

4. വ്യാപക മഴയിൽ സംസ്ഥാനത്തുടനീളം കനത്ത നാശനഷ്ടം. പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Heavy rain has caused huge damage across the state. Chief Minister Pinarayi Vijayan has asked the public to be extremely vigilant.**

5. സമാധാനപരവും സുസ്ഥിരവുമായ ഇന്തോ-പസഫിക് മേഖലയ്ക്കായി ഇന്ത്യയും ന്യൂസിലൻഡും സഹകരിച്ച് പ്രവർത്തിക്കുമെന്ന് വിദേശകാര്യമന്ത്രി എസ്.ജയശങ്കർ.

**External Affairs Minister S. Jaishankar has said that India and New Zealand will work together for a peaceful and sustainable Indo-Pacific region.**

6. **ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 4x400 മീറ്റർ റിലേയിൽ ഇന്ത്യക്ക് സ്വർണ്ണം. ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെ പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഫൈനലിൽ.**

**In Asian atheletics, India clinched gold medal in the women's 4x400-meter relay; In IPL T20 Cricket, Royal Challengers Bengaluru stormed into the final after beating Punjab Kings.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

### PM - BIHAR/UP

ബീഹാറിലും ഉത്തർപ്രദേശിലും 96,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. റോഹ്താസ് ജില്ലയിലെ ബിക്രംഗഞ്ചിൽ ഇന്ന് രാവിലെ നടക്കുന്ന പരിപാടിയിൽ 48,520 കോടി രൂപയുടെ പദ്ധതികൾക്ക് അദ്ദേഹം സമാരംഭം കുറിക്കും. തുടർന്ന് പൊതുയോഗത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഉച്ചക്ക് ശേഷം ഉത്തർപ്രദേശിൽ എത്തുന്ന ശ്രീ.മോദി കാൺപൂരിൽ 20,900 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളും കണക്റ്റിവിറ്റിയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള വികസന പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടും.

&&&&&&&&&&&&&&&&&&

## HEAD LINE – 2

### J AND K - AMIT SHAH

ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ രാത്രി ജമ്മുവിൽ ഉന്നതതല യോഗം ചേർന്നു. ജൂലൈ 3 ന് ആരംഭിക്കുന്ന അമർനാഥ് യാത്രയ്ക്കുള്ള സുരക്ഷ ക്രമീകരണങ്ങളും

ശ്രീ ഷാ അവലോകനം ചെയ്യും. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ഇന്ന് പൂഞ്ച് സന്ദർശിക്കുന്ന ശ്രീ അമിത് ഷാ പാകിസ്ഥാൻ ഷെല്ലാക്രമണത്തിൽ ദുരിതമനുഭവിക്കുന്നവരെയും ആക്രമണത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച സിംഗ് സഭാ ഗുരുദ്വാര ഉൾപ്പെടെയുള്ള സ്ഥലങ്ങളും സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## RAIN - KERALA

കേരളത്തിൽ അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥവകുപ്പ്. ഇന്ന് ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. മറ്റ് എല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. നദീതീരത്തുള്ളവരും മലയോര മേഖലകളിലുള്ളവരും ജാഗ്രത പാലിക്കണം. കനത്ത മഴയെ തുടർന്ന് ഇടുക്കി ജില്ലയിലെ മലയോര മേഖലകളിലൂടെയുള്ള രാത്രി ഗതാഗതം പൂർണമായും നിരോധിച്ചു. ശക്തമായ കാറ്റിൽ മരങ്ങൾ ഒടിഞ്ഞു വീഴുകയും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുകയും ചെയ്തു. തലസ്ഥാനത്തുൾപ്പെടെ സംസ്ഥാനത്തുടനീളം വൈദ്യുതി ബന്ധം തകരാറിലായി. പ്രധാന നദികളിൽ ജലനിരപ്പ് ഉയരുകയാണ്. കണ്ണൂർ, കാസർഗോഡ്, തൃശൂർ, വയനാട്, പത്തനംതിട്ട, പാലക്കാട്, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലും ആലപ്പുഴയിൽ കുട്ടനാട് താലൂക്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. എം.ജി സർവകലാശാല ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി വച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് തുടരും.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## RAIN – CM (INTRO)

മഴ കനത്ത സാഹചര്യത്തിൽ ഉരുൾപൊട്ടൽ സാധ്യത പ്രദേശങ്ങളിലും വെള്ളം കയറുന്ന സ്ഥലങ്ങളിലും താമസിക്കുന്നവർ ബന്ധുവീടുകളിലേക്കോ ക്യാമ്പുകളിലേക്കോ മാറി താമസിക്കാണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദേശിയ ദുരന്ത പ്രതികരണ സേനയുടെ ഒൻപത് ടീമുകളെ വിന്യസിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.
(വോയിസ്)

&&&&&&&&&&&&&&&&&&

## IDUKKI – RAIN

ഇടുക്കി ജില്ലയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ പ്രധാന അണക്കെട്ടുകളിലേക്കുള്ള നീരൊഴുക്ക് ശക്തമായി. പൊൻമുടി, കല്ലാർകുട്ടി, ലോവർ പെരിയാർ, മലങ്കര അണക്കെട്ടുകൾ തുറന്നു. അണക്കെട്ടുകളിൽ നിന്നും കൂടുതൽ ജലം പുറത്തേക്കൊഴുക്കുന്നതിനാൽ തീരമേഖലയിലുള്ളവർ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശം.

&&&&&&&&&&&&&&&&&&

## PATHANAMTHITTA – RAIN (INTRO)

പത്തനംതിട്ട ജില്ലയിൽ തുടരുന്ന കനത്ത മഴയിൽ വ്യാപക നാശ നഷ്ടം. മഴയ്ക്കൊപ്പം വീശിയടിക്കുന്ന ശക്തമായ കാറ്റിൽ മരങ്ങൾ ഒടിഞ്ഞുവീണു. പമ്പ, അച്ചൻകോവിൽ, മണിമല നദികളിൽ ജലനിരപ്പ് ഉയരുന്നു.
**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ......**
(വോയ്സ്)

&&&&&&&&&&&&&&&&&&

## TRAIN TIME

കനത്ത മഴയിൽ സംസ്ഥാനത്തുടനീളം ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. ട്രാക്കിൽ വെള്ളം കയറിയും മരം വീണുമാണ് ഗതാഗത തടസ്സം നേരിട്ടത്. നിരവധി ട്രെയിനുകൾ വൈകിയാണ് ഓടുന്നത്. പുലർച്ചെ 5.55 ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ നിന്ന് പുറപ്പെടേണ്ടിയിരുന്ന തിരുവനന്തപുരം - കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസ്സ് രാവിലെ 8.45 ന് പുറപ്പെടുമെന്ന് റെയിൽവേ അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## IMD - WEATHER

പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, തീരദേശ കർണാടക, എന്നിവിടങ്ങളിലും ഇന്ന് ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. അതേസമയം, പശ്ചിമ രാജസ്ഥാനിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇന്നും നാളെയും ഉഷ്ണതരംഗം അനുഭവപ്പെടുമെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

## ALL PARTY DELEGATION

തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന പാകിസ്ഥാനിന്റെ നയം ലോകത്തിനു മുന്നിൽ തുറന്നു കാട്ടുന്നതിനായി നിയോഗിച്ച സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ പര്യടനം വിജയകരമായി തുടരുന്നു. കോൺഗ്രസ് എം പി ശശി തരൂർ, ബി ജെ പി എം പിമാരായ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെഡിയു അംഗം സഞ്ജയ് കുമാർ ഝാ, ഡിഎംകെ എം പി കനിമൊഴി കരുണാനിധി, എൻ.സി.പിയിലെ സുപ്രിയ സുലെ, ശിവസേന അംഗം ശ്രീകാന്ത് ഷിൻഡെ തുടങ്ങിയവരാണ് വിവിധ പ്രതിനിധി സംഘങ്ങളെ നയിക്കുന്നത്.

&&&&&&&&&&&&&&&&&&

## PARAM VIR CHAKRA

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയാഘോഷ വേളയിൽ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്തു കൊണ്ട് പ്രത്യേക പരമ്പര അവതരിപ്പിച്ച് ആകാശവാണി വാർത്തകൾ. 1961-ൽ കോംഗോയിലെ ആഭ്യന്തരയുദ്ധ സമാന സാഹചര്യത്തിൽ സേവനമനുഷ്ഠിക്കുന്നതിനിടെ ജീവത്യാഗം ചെയ്ത ക്യാപ്റ്റൻ ഗുർബച്ചൻ സിംഗ് സലാരിയയെയാണ് ഇന്ന് അനുസ്മരിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ സമാധാന സേനയുടെ ഭാഗമായിരുന്ന, ക്യാപ്റ്റൻ സലാരിയയെ പരം വീർ ചക്ര നൽകി ആദരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## JAISHANKAR-NEW ZEALAND FM VISIT ( INTRO)

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ന്യൂസിലൻഡ് ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ വിൻസ്റ്റൺ പീറ്റേഴ്സുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. അന്താരാഷ്ട്ര നിയമങ്ങളിൽ അധിഷ്ഠിതമായ സമാധാനപരവും സുസ്ഥിരവും സമ്പന്നവുമായ ഒരു ഇന്തോ-പസഫിക് മേഖലയ്ക്കായി ഇന്ത്യയും ന്യൂസിലൻഡും സഹകരിച്ച് പ്രവർത്തിക്കുമെന്ന് വിദേശകാര്യമന്ത്രി പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തിനെ തുടർന്ന് ന്യൂസിലാൻഡ് നൽകിയ പിന്തുണയ്ക്കും ഐക്യദാർഢ്യത്തിനും ശ്രീ ജയ്ശങ്കർ നന്ദി അറിയിച്ചു.
(വോയിസ്)

ന്യൂസിലൻഡ് ഉപപ്രധാനമന്ത്രി ഇന്ന് കേന്ദ്ര മന്ത്രി ജെ.പി. നഡ്ഡയുമായി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## ASIAN ATHLETIC MEET

ദക്ഷിണ കൊറിയയിൽ നടക്കുന്ന ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 4x400 മീറ്റർ റിലേയിൽ ജിസ്ന

മാത്യു, രൂപാൽ ചൗധരി, കുഞ്ച രജിത, ശുഭ വെങ്കിടേശൻ എന്നിവരുടെ സംഘത്തിന് സ്വർണ്ണ നേട്ടം. 3 മിനിറ്റ് 34 സെക്കൻഡ് കൊണ്ടാണ് സംഘം ഫിനിഷ് ചെയ്തത്. 3,000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ അവിനാശ് സാബിൾ സ്വർണം കരസ്ഥമാക്കി. വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ ജ്യോതി യർരാജിയും സ്വർണം നേടി.

&&&&&&&&&&&&&&&&&&

## NT. IPL. CRICKET

ഐപിഎൽ ക്രിക്കറ്റ് ആദ്യ ക്വാളിഫയറിൽ പഞ്ചാബ് കിംഗ്സിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഫൈനലിൽ. ടോസ് നേടി ഫീൽഡിങ് തിരഞ്ഞെടുത്ത ബെംഗളൂരു 14.1 ഓവറിൽ 101 റൺസിന് പുറത്തായി. 10 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 106 റൺസ് എടുത്ത് ബെംഗളൂരു അനായാസം വിജയലക്ഷ്യം മറികടന്നു. എലിമിനേറ്റർ മത്സരത്തിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. എലിമിനേറ്ററിൽ വിജയിക്കുന്ന ടീം ഞായറാഴ്ച നടക്കുന്ന രണ്ടാം ക്വാളിഫയറിൽ പഞ്ചാബ് കിംഗ്സിനെ നേരിടും. ജൂൺ 3 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

## PB SHABD

Prasar Bharati-Shared Audio-Visuals for Broadcast and Dissemination- പിബി ശബ്ദ് ലഭ്യമാക്കുന്ന സൗജന്യ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യാൻ, യൂട്യൂബർമാരെയും പോഡ്കാസ്റ്റർമാരെയും വീഡിയോ എഡിറ്റർമാരെയും ക്ഷണിച്ചു. പകർപ്പവകാശ രഹിതവും ആധികാരികവും സുരക്ഷിതവുമായ ഉള്ളടക്കം പിബി ശബ്ദ് ലഭ്യമാക്കുന്നു. രാജ്യത്തുടനീളമുള്ള വാർത്താ പോർട്ടലുകൾക്ക് SHABD വഴി ദൂരദർശന്റെയും ഓൾ ഇന്ത്യ റേഡിയോയുടെയും ശേഖരം ലഭ്യമാകും.

&&&&&&&&&&&&&&&&&&

## VIKSIT SANKALP

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാന് സംസ്ഥാനത്ത് തുടക്കമായി. പത്തനംതിട്ട ജില്ലയിലെ നാല് ബ്ലോക്ക് പഞ്ചായത്ത് പരിധികളിൽ ഇന്ന് ക്യാമ്പയിന് നടക്കും. ജൂൺ 12 വരെയാണ് ക്യാമ്പയിൻ. കാർഷിക രംഗത്തെ വിദഗ്ധരും ഗവേഷകരും നൂതന സാങ്കേതിക വിദ്യകൾ കർഷകരുമായി പങ്കു വയ്ക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&